भारतीय गैर न्यायिक

एक सौ रुपये

Rs. 100

रु. 100

ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

CR 377859

കൊല്ലം 1195 എടവം 19 ാംനുക്ക് 2020 ജൂൺ 2 ാംനു രണ്ടായി രത്തി ഇരുപത് ജൂൺ രണ്ടാം തിയ്യതി പട്ടാമ്പി താലൂക്ക് വല്ലപ്പുഴ അംശം ദെശത്ത് (പി.ഒ.ചൂരക്കോട് ) കേടനാട്ട് കണിചിറക്കൽ യൂസഫ്ഹാജി മകൻ **ഹംസ** 1 ാം പാർട്ടിയായും മേപ്പടി താലൂക്ക് നാഗലശ്ശേരി അംശം

| | |
|---|---|
| 1 ാം പാർട്ടി | 2 ാം പാർട്ടി |
| K. HAMZA [signature] | Saheer Mohammed P.K [signature] |

No 3037 DATE 02-06-2020 VALUE Rs 50/-

SOLD TO സഹീർ മുഹമ്മദ് - P.K

കീടനാട്

NIRMALA. K. [signature]

AG. M.M.C. & S. R. O. VENDOR, PATTAMBI

18 MAY 2020

भारतीय गैर न्यायिक

एक सौ रुपये Rs. 100

रु. 100 ONE HUNDRED RUPEES

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA CR 377860



നന്ദിയംകോട് ദെശത്ത് (പി.ഒ. കൂറ്റനാട്) പറമ്പിൽ കുഞ്ഞഹമ്മദ് മകൻ **സഹീർമുഹമ്മദ്** രണ്ടാം പാർട്ടിയായും കൂടി എഴുതി വെച്ച വാടക കരാർ.

1. നമ്മളിൽ 1 ാം നമ്പ്രുകാരന്റെ കയ്‌വശത്തിലും ഉടമസ്ഥതയിലുമുള്ളതും, സ്വന്തമായി കൈവശം വെച്ചനുഭവിച്ചു വരുന്നതും പട്ടാമ്പി മുനിസിപ്പാലിറ്റി അതൃത്തിയിൽ സ്ഥിതി ചെയ്യുന്നതും മേപ്പടി

1 ാം പാർട്ടി
K. HAMZA [signature]

2 ാം പാർട്ടി
Saheer Mohammed P.K [signature]

No 3038 DT 02.06.2020 Rs 50/-
SOLD TO സഹീർ മുഹമ്മദ് - P.K
കൂറ്റനാട്

NIRMALA. K. [signature]
AG: M.M.C. & S. R. O. VENDOR, PATTAMBI

18 MAY 2020

മുനിസിപ്പാലിറ്റിയിൽ നിന്നും 12 ാം വാർഡിൽ 1174, 1175) ാം നമ്പ്രിട്ട ടി.ബി റോഡിൽ സ്ഥിതിചെയ്യുന്നതും തെക്കും ഭാഗത്ത് ഷട്ടറിട്ടതും ഒന്നാം നിലയിലുള്ളതുമായ 500 സ്ക്വയർഫീറ്റ് 20 സ്ക്വയർഫീറ്റ് ബാത്ത്റൂം കൂടി മേല്പറഞ്ഞ മുറി 2 ാം പാർട്ടിയ്ക്കു മേപ്പടി സ്ഥലത്തു H & S Tours and Travels നടത്തേണ്ട ആവശ്യത്തിനു വേണ്ടി ഇന്നു മുതൽ 11 മാസക്കാലത്തേയ്ക്കു മാസം 1ക്ക് **5000 ക. (അയ്യായിരം രൂപ)** വാടക നിശ്ച യിച്ചും വാടകയുടെ ഉറപ്പിലേയ്ക്കായി **60,000 ക. (അറുപതിനായിരം ലക്ഷം രൂപ)** അഡ്വാൻസായി 2 ാം പാർട്ടി 1 ാം നമ്പ്രുകാരനു റൊക്കം കൊടുത്തും 2 ാം പാർട്ടി 1 ാം നമ്പ്രു കാരനോടു ഇതിനാൽ വാടകക്ക് ഏറ്റു വാങ്ങിയിരിയ്ക്കയാൽ മാസം തോറും 2 ാം പാർട്ടി 1 ാം നമ്പ്രുകാരനു കൊടുക്കേണ്ടും മാസ വാടക അയ്യായിരവും അതാതു ഇംഗ്ലീഷ് മാസം 1 ാം തിയ്യതിയ്ക്കുള്ളിൽ 2 ാം പാർട്ടി 1 ാം നമ്പ്രുകാരനു കൊടുത്തു രശീതി വാങ്ങേ ണ്ടതാണെന്നും, കാലാവുധിയ്ക്കു വാടക ബാക്കി വെച്ചാൽ അതിനും കെട്ടിടമുറിയ്ക്കു 2 ാം പാർട്ടിയും സ്വത്തുക്കളും ചാർജ്ജും ഉത്തരവാദിയുമാണെന്നും പിരിച്ചെടുപ്പാൻ 1 ാം നമ്പ്രുകാരനു അധികാരമുണ്ടെന്നും, കാലാവധിയ്ക്കു യാതൊരു തർക്കവും നോട്ടീസ് വാതവും പറയാതെ കെട്ടിട മുറി 2 ാം പാർട്ടി 1 ാം നമ്പ്രുകാരനു ഒഴിവാക്കി കൊടുക്കേ ണ്ടതാണെന്നും, കെട്ടിടമുറിയിൽ 2 ാം പാർട്ടി ഉപയോഗിയ്ക്കുന്ന ഇലക്ട്രിസിറ്റി ചാർജ്ജു വാടകയിൽ കമ്മി വരുത്താതെ യഥാസമയം 2 ാം പാർട്ടി അടച്ചു തീർത്തു ആ വക രശീതി 1 ാം നമ്പ്രുകാരനെ ബോദ്ധ്യപ്പെടുത്തേണ്ടതാണെന്നും, കെട്ടിടമുറി യാതൊരു കേടുപാടുകളും വരുത്താതെയും, കീഴ് വാടകയ്ക്കു കൊടുക്കാതെയും അന്യർക്കും ശല്ല്യ മില്ലാതെയും നോക്കി സൂക്ഷിച്ചും ഉപയോഗിക്കേണ്ടതാണെന്നും, കെട്ടിടമുറിയിൽ രാസ സ്ഫോടക വസ്തുക്കൾ സൂക്ഷിയ്ക്കുന്നതിനോ ഉപയോഗിയ്ക്കുന്നതിനോ 2 ാം പാർട്ടിയ്ക്കധികാ രമില്ലെന്നും അങ്ങിനെ വല്ലതും കാണപ്പെട്ടാൽ അതോടു കൂടി ഈ കരാർ ദുർബലപ്പെ ടുന്നതാണെന്നും, ഒഴിപ്പിച്ചെടുപ്പാൻ 1 ാം നമ്പ്രുകാരനധികാരമുണ്ടെന്നും നിശ്ചയി ച്ചിരിയ്ക്കുന്നു. മേല്പ്രകാരമെല്ലാം നിശ്ചയിച്ചും സമ്മതിച്ചും സാക്ഷികൾ മുമ്പാകെ നമ്മൾ ഇതിൽ ഒപ്പിട്ടിരിയ്ക്കുന്നു.

1 ാം പാർട്ടി
K. HAMZA [signature]

2 ാം പാർട്ടി
Saheer Mohammed Pk [signature]

സാക്ഷികൾ

1. Kunhimuhammed P K [signature]

2. Shahanas [signature]